## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** — **02-02-2023 - ൽ മറുപടിയ്ക്ക്**

## വ്യവസായ സംരംഭകത്വം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തി ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്താ പദ്ധതി തദ്ദേശ സ്വയം ഭരണം, സഹകരണം ഫിഷറീസ്, മൃഗ സംരക്ഷണം മുതലാ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസാ വകുപ്പ് നടപ്പാക്കി വരുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ വികസിപ്പിച്ച ഓൺലൈൻ സംവിധാനത്തിലെ വിവരം അനുസരിച്ച് 31.01.2023 വരെയുള്ള കണക്ക് പ്രകാരം **127816** സംരംഭങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംരംഭങ്ങൾ പ്രകാരം എത്ര രൂപയുടെ നിക്ഷേപം സമാഹരിച്ചുവെന്ന് വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി ആരംഭിച്ച് 2023 ജനുവരി 31 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127816 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 7734.32 കോടി രൂപ നിക്ഷേപം ലഭ്യമാകുകയും സംസ്ഥാനമൊട്ടാകെ 275082 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | പുതുതായി സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള വ്യവസായ സംരംഭകർക്ക് വിവിധങ്ങളായ സൗകര്യങ്ങളും ആനുകൂല്യങ്ങളും വ്യവസായ വകുപ്പ വഴി നിലവിൽ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന |

മാർജിൻ മണിഗ്രാന്റ്, ഒരു കുടുംബം,ഒരു സംരംഭം പദ്ധതി , മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം,ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും ചെറുകിട സംരംഭങ്ങളായും, ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള പി.എം.എഫ്.എം.ഇ പദ്ധതി എന്നീ വിവിധങ്ങളായ ധനസഹായ പദ്ധതികൾ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നു.

സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി ഉണ്ടാകും. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

കൂടാതെ ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു.

| | | | |
|---|---|---|---|
| | | | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഇത് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ GO(MS)No. 31/2022/ID തീയതി, 02.04.2022 ഉത്തരവ് പ്രകാരം Private Industrial Estate Scheme നിലവിൽ വരുകയും ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | കോവിഡ് കാലത്ത് ആരംഭിച്ച് നഷ്ടത്തിലാവുകയും പ്രവർത്തന മൂലധനമില്ലാതെ അടച്ചുപൂട്ടുകയും ചെയ്ത സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | കോവിഡ് കാലത്ത് പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേക്കായി 2020- ൽ വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നു. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>കോവിഡ് കാലത്ത് സംരംഭകരെ സഹായിക്കുന്നതിനായി ആരംഭിച്ച മേൽ ആനുകൂല്യങ്ങൾക്ക് പുറമെ മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും ( defunct MSME) സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന താഴെ പറയുന്ന പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങളും ലഭ്യമാണ് .<br><br>1.The Kerala stressed MSMEs Revival & Rehabilitation Scheme |

| | | | |
|---|---|---|---|
| | | | 2. Revival and rehabilitation scheme for defunct MSMEs and cashew processing units |

സെക്ഷൻ ഓഫീസർ